GivingFocus



# കൈതാങ്ങ്'18

( നിർദ്ധനരായ മാനസിക രോഗികൾക്കായി ഒരു കൈ സഹായം )

നിങ്ങളുടെ പങ്കാളിത്തം

ഈ സംരംഭത്തിന് ഉദാരമതികളായ സുമനസ്സുകളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങളാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. നമുക്കൊരുമിച്ച് നമ്മുടെ സമൂഹത്തിൽ മാനസിക ദുരിതം അനുഭവിക്കുന്നവർക്കായി പ്രവർത്തിക്കാം. താങ്കളുടെ ഏതു സഹായവും വിലപ്പെട്ടതാണ്. അതിലൂടെ ചിലർക്കെങ്കിലും സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരുവാൻ കഴിയുമെങ്കിൽ നാം കൃതാർത്ഥരായി. അതിനായി നമുക്ക് കൈകോർക്കാം. ഞങ്ങളുടെ ക്ലിനിക്ക് സന്ദർശിക്കുവാനും താങ്കളെ ക്ഷണിച്ചു കൊള്ളുന്നു. ഉദാരമയ സാമ്പത്തിക സഹായം നൽകി ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കണം എന്നഭ്യർത്ഥി ക്കുന്നു.

# GREESHMA FOUNDATION
**(A PUBLIC CHARITABLE TRUST) Reg: No.97/04/2015**

## മാനസികാരോഗ്യ പരിപാലനകേന്ദ്രം
**(MENTAL HEALTH CARE CENTER)**

# പ്രവർത്തന റിപ്പോർട്ട്
**2017 – ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെ**

**OUR BANK DETAILS: DHANALAXMI BANK, GREESHMA FOUNDATION**
**SB:A/C NO: 009500100143240,IFSC:DLXB0000095**

Address:Vedippurackal House, Opp:KSTA Office, M.O. Ward, Alappuzha,
Phone:0477-2251988,9495162887
Email:greeshmafoundationalappuzha@gmail.com

# ആമുഖം

ശരീരത്തിന്റെ ആരോഗ്യത്തെ പോലെ തന്നെ പ്രാധാന്യമുള്ള താണ് മനസ്സിന്റെ ആരോഗ്യവും. മാനസിക രോഗം കൊണ്ട് ബുദ്ധിമു ട്ടനുഭവിക്കുന്ന ആളുകളുടെ എണ്ണം ദിനം പ്രതിയെന്നോണം വർദ്ധി ക്കുകയും സാമ്പത്തിക പരാധീനത മൂലവും കൃത്യമായ ചികിൽസാ സംവിധാനങ്ങളുടെ അപര്യാപ്തത മൂലവും രോഗം മൂർഛിച്ച് ഭ്രാന്താ വസ്ഥയിലേക്ക് മാറിപ്പോവുന്ന അവസ്ഥക്ക് മാറ്റം വരുത്തണമെന്ന ഉദ്ദേ ശത്തോട് കൂടി 2015ൽ തുടക്കമിട്ട 'മാനസിക പരിപാലന കേന്ദ്ര'മാണ് ഗ്രീഷ്മ ഫൗണ്ടേഷൻ.

ആലപ്പുഴയിലും പരിസര പ്രദേശങ്ങളിലും രോഗം കൊണ്ട് ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകൾക്ക് സൗജന്യ മരുന്നും ചികിൽസയും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന ഉദ്ദേശമാണ് നാം കൈകൊണ്ടിട്ടുള്ളത്.

നിലവിൽ 30ഓളം സഹോദരങ്ങൾക്കുള്ള സൗജന്യ ചികിൽസ യോടപ്പം അവർക്ക് വേണ്ട പുനരധിവാസ(ഡേകെയർ)പ്രവർത്തനങ്ങളും ക്ലിനിക്കിൽ വെച്ച് നടത്തുന്നു. കോഴിക്കോട് കേന്ദ്രീകരിച്ചു പ്രവർത്തി ക്കുന്ന MHAT ലെ ഡോക്ടർമാരുടെയും കൗൺസിലർ, ഡേകെയർ, കോ-ഓർഡിനേറ്റർമാരുടെയും സേവനമാണ് നമ്മുടെ രോഗികൾക്ക് ലഭ്യമാവുന്നത്. എല്ലാ ശനിഴാഴ്ചകളിലുമാണ് ഒ.പി സൗകര്യം ലഭ്യമാണ്.

രോഗം മൂർച്ചിച്ച അവസ്ഥയിലുള്ളവർക്കും ക്ലിനിക്കിലെ ഒ.പി യിലേക്ക് വരാൻ സാധിക്കാത്തതുമായ ആളുകളെ വീടുകളിലേക്ക് ചെന്ന് ചികിൽസ നൽകുന്ന ഹോം കെയർ സംവിധാനവും ആഴ്ച്ചയിൽ രണ്ട് ദിവസം നടത്തപ്പെടുന്നു.

എല്ലാ തിങ്കൾ, ബുധൻ ദിവസങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട രോ ഗികൾക്ക് ക്ലിനിക്കൽ വെച്ച് അവരുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തുക, തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോട് കൂടി ഡേ കെയർ സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഗ്രീഷ്മാ ഫൗണ്ടേഷനു കീഴിലുള്ള മുപ്പതോളം വരുന്ന രോഗികൾക്ക് വേണ്ടി ഡോക്ടർമാരുടെ യും നഴ്സുമാരുടെയും സേവനവും, മരുന്ന്, കൗൺസിലിംഗ്, ഹോം കെയർ, തൊഴിൽ പരിശീലനം, ഭക്ഷണം, എന്നിവയെല്ലാം സൗജന്യമായി നൽകുന്നതിന് മാസം ഏകദേശം 60000 രൂപയോളം ചിലവ് വരുന്നുണ്ട്. ഗവൺമെന്റിൽ നിന്നോ മറ്റ് സംഘടനകളിൽ നിന്നോ യാതൊരുവിധ

സഹായവും ഇന്നേ വരെ ലഭ്യമായിട്ടില്ല. ക്ലിനിക്കിന്റെ പ്രവർത്തനം കണ്ട് മനസ്സിലാക്കി ജനങ്ങൾ നൽകുന്ന സംഭാവന മാത്രമാണ് ഈ കാരുണ്യ പ്രവർത്തനങ്ങളെയെല്ലാം നിലനിർത്തി പോകുന്നത്.

താങ്കൾ ഞങ്ങളുടെ ഈ കൂട്ടായ്മയിൽ പങ്കാളിയാവുകയും ക്ലിനിക്കിന്റെ സദ്പ്രവർത്തനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാനും, നമ്മുടെ നാട്ടിൽ മാനസിക ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്കും കുടുംബത്തിനും സ്വാന്തനമോകാൻ താങ്കളുടെ കഴിവിന്റെ പരമാവധി സാമ്പത്തിക സഹായ സഹകരണങ്ങൾ നൽകണമെന്നും അപേക്ഷിക്കുന്നു.

എന്ന്

സെക്രട്ടറി
ഗ്രീഷ്മ ഫൗണ്ടേഷൻ

# മാനസികരോഗ പരിചരണം സമൂഹത്തിന്റെ പങ്ക്

മാനസിക രോഗം എന്ന് കേൾക്കുമ്പോഴേ പലർക്കും പുച്ഛമാണ്. ഇക്കാരണത്താൽ രോഗിയും കുടുംബവും വളരെ അധികം സമ്മർദമനുഭവിക്കുന്നു. മാനസിക രോഗങ്ങളെക്കുറിച്ച് സമൂഹത്തിന് വ്യക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമെ ഈ ദുരവസ്ഥക്ക് മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. സാധാരണ കാണുന്ന മാനസിക രോഗങ്ങളായ 'സ്കീസോഫ്രീനിയ, ബൈ പോളാർ ഡിസോഡർ , വിഷാദ രോഗം, ഉദ്ഖണ്ഡകൾ എന്നിവയാണ്. സ്കീസോഫ്രീനിയ, ബൈപോളാർ ഡിസോഡർ എന്നിവ 150ൽ ഒരാൾക്ക് വീതം കാണുമ്പോൾ അമിതമായ ഉത്കണ്ഠ നൂറിൽ പത്ത് മുതൽ 15 വരെ ആളുകളിൽ കാണപ്പെടുന്നു. കേരളത്തിൽ കണക്കനുസരിച്ച് 5 ലക്ഷത്തോളം ആളുകൾക്ക് ചികിൽസ ആവശ്യമായ രീതിയിലുള്ള മാനസിക രോഗം ഉള്ളതായി കണക്കാക്കുന്നു. ആർക്ക് വേണമെങ്കിലും ഈ രോഗം പിടിപ്പെടാം. പ്രായം, സമയം, ലിംഗ ബോധമന്യേ കാണപ്പെടുന്ന ഈ അസുഖം പണക്കാരനെന്നോ പാമരനെന്നോ വ്യത്യാസമില്ലാതെ കാണപ്പെടുന്നു.

മാനസിക രോഗം ഉണ്ടാവുന്നതിനെ കുറിച്ച് വളരെ അധികം മിഥ്യാധാരണകൾ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നു. രോഗിയോ കുടുബത്തിലുള്ളവരോ ചെയ്ത ദുഷ്പ്രവർത്തിയുടെ ഫലമായിട്ടാണെന്നും, ശത്രുക്കൾ ചെയ്ത മന്ത്രവാദത്തിന്റെ ഫലമായിട്ടാണെന്നും തെറ്റിദ്ധരിക്കുന്നവരുണ്ട്. എന്നാൽ സത്യം ഇതിൽ നിന്നും വളരെ അകലെയാണ്. തലച്ചോറിലെ നാഡീപ്രവർത്തനങ്ങളെ സഹായിക്കുന്ന രാസപഥാർത്ഥങ്ങളുടെ അളവിലുണ്ടാകുന്ന വ്യതിയാനമാണ് മാനസിക രോഗത്തിനുള്ള പ്രധാന കാരണം. രാസവ്യതിയാനത്തിന്റെ കാരണം ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ലെങ്കിലും ജനിതകവും, ജീവശാസ്ത്രപരവും, സാമൂഹികവും, പാരിസ്ഥികവുമായകാരണങ്ങളും ചൂണ്ടിക്കാട്ടുന്നു.

രോഗികളിലെ ഒരു ശതമാനം പോലും അക്രമസക്തരല്ല. പക്ഷേ സമൂഹം മാനസിക രോഗികളെ കാണുമ്പോഴെ അക്രമസക്തരാവുന്നു. അവരെ അടിച്ചോടിക്കുന്നു. അവർ അയാളുടെ അസുഖത്തെ കുറിച്ചോ അയാളുടെ കുടുംബത്തെക്കുറിച്ചോ ചിന്തിക്കുന്നില്ല. ഇത്തരം രോഗികളോടുള്ള സമീപനത്തിൽ മാറ്റം വരുത്താൻ നാം ഒരുപാട് പഠിക്കേണ്ടിയിരിക്കുന്നു. ഒരു ചെറിയ ഉദാഹരണം.മാനസിക രോഗിയായ ഒരാളോട് നിങ്ങൾ പുഞ്ചിരിക്കുക. ഒരു പക്ഷേ അയാൾ പ്രതികരിക്കാതിരിക്കുകയും തിരിച്ച് പുഞ്ചിരിക്കാതിരിക്കുകയും ചെയ്യും. പക്ഷെ നിരന്തരം എല്ലാ ദിനവും നമ്മൾ പുഞ്ചിരി ആവർത്തിക്കുമ്പോൾ ആരോഗിക്ക് പുഞ്ചിരിക്കാനുള്ള ഒരു പ്രേരണ നമ്മുടെ മുഖത്ത് നിന്ന് ലഭിച്ചാൽ രോഗം മൂലം അയാൾ

ക്ക് മാഞ്ഞു പോയ പുഞ്ചിരി തിരികെ കൊണ്ട് വരാൻ നിങ്ങൾക്ക് സാധ്യമായി എന്ന് അഭിമാനിക്കാം. ഇതാണ് മാനസിക രോഗിയായ ഒരാളോട് നാം ആദ്യമായി ചെയ്യേണ്ടത്.

കുടുബ നാഥനായി വീടിന്റെ ചുമതലകൾ നിർവഹിക്കേണ്ട ഒരു വ്യക്തിയെ ജീവിതത്തിലേക്ക് തിരിച്ച് കൊണ്ട് വരേണ്ട കാര്യങ്ങൾ പടിപടിയായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടവരാണ് നമ്മൾ. മെഡിക്കൽ കോളേജുകൾക്ക്, മാനസിക രോഗ ആശുപത്രികൾക്കും, ഗ്രീഷ്മാ ഫൗണ്ടേഷനുമൊക്കെ രോഗികൾക്ക് വേണ്ട ഡോക്ടറുടെ സേവനവും, കൗൺസലിംഗ് മരുന്നും, ഡേകെയർ സംവിധാനങ്ങളും നൽകാനെ സാധിക്കുകയുള്ളൂ. അവിടെ ചികിൽസയിലെത്തുന്ന രോഗികൾ, സാധാരണക്കാർ അവരെ ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തേണ്ട ചുമതലയാണ് സമൂഹത്തിനുള്ളത്.

രോഗിയും കുടുംബവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി സാമൂഹിക ഇടപെടലുകൾ നടത്തണം. മാനസിക ബുദ്ധിമുട്ടനുഭവിക്കുന്ന ഒരാൾക്ക് താൻ ചെയ്ത് തീർക്കേണ്ട ബാധ്യതകളും, കുടുംബ പ്രാരാബ്ധങ്ങളും ഓർത്തിട്ടാണ് ടെൻഷൻവരുന്നതും അസുഖം കൂടുന്നതും എങ്കിൽ ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ മരുന്നുകൾ നൽകിയത് കൊണ്ട് മാത്രം അദ്ദേഹത്തിന്റെ അസുഖത്തിന് മാറ്റം വരുത്താൻ സാധിക്കുകയില്ല.

മാനസിക രോഗിയുടെ രോഗത്തിന് മാറ്റം വരുത്താൻ മരുന്നിനേക്കാളുപരി സമൂഹത്തിന്റെ ഇടപെടലുകൾക്ക് സാധ്യമാണ്. മറ്റ് മാരകമായ രോഗങ്ങളെ അപേക്ഷിച്ച് മാനസിക രോഗത്തിന് മറ്റുള്ളവരുടെ ഇടപെടലുകൾക്കനുസരിച്ച് അസുഖത്തിന് മാറ്റം വരുത്താൻ സാധ്യമാണ്. 90% മാനസിക രോഗം ബാധിച്ച ആളെ 100% എത്തിക്കാനും സമൂഹം വിചാരിച്ചാൽ സാധിക്കും. ഇതിനൊക്കെ പരിഹാരമായി സമൂഹത്തിന്റെ താഴെ തട്ടിൽ നിന്ന് മുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

ചികിൽസയേക്കാളുപരി രോഗിയെ ദൈനംദിന പരിപാടികളിൽ പങ്കെടുപ്പിക്കുകയും, വ്യാപ്തനാക്കുകയും വേണം. രോഗിക്ക് സാമൂഹികമായ നല്ല ഇടപെടലുകൾ ലഭിക്കാത്തിടത്തോളം കാലം മരുന്ന് കൊണ്ട് മാത്രം അസുഖത്തിന് യാതൊരു മാറ്റവും പ്രതീക്ഷിക്കരുത്.

രോഗം മൂലം നഷ്ടപ്പെട്ട് പോയ അയാളുടെ കഴിവുകൾ, തിരിച്ചെടുക്കാനും സമൂഹത്തിന്, അവരുടെ കുടുബത്തിന് നഷ്ടപ്പെട്ടവരെ തിരികെ നൽകാനും നമ്മൾ മനസ്സുവെച്ചാൽ സാധിക്കും. നാം കാരണം ഒരു മാനസിക രോഗിയെ എങ്കിലും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ട് വരാൻ സാധിക്കുമെങ്കിൽ ഇതിലും വലിയ ഒരു നന്മ വേറെ ഉണ്ടാവില്ല എന്നത് സത്യം.

# STATISTIC REPORT 2017-18

| മാസം | ഒ.പിയിൽ കണ്ട രോഗികൾ | രോഗി ഇല്ലാത്ത ഒ.പിയിൽ ബന്ധുക്കൾ വന്നത് | പുതുതായി രജിസ്റ്റർ ചെയ്ത രോഗികൾ | മരണപ്പെട്ടവർ | കൊഴിഞ്ഞ് പോയവർ | നിലവിൽ പരിചരണത്തിൽ ഉള്ളവർ | ഹോം വിസിറ്റ് |
|---|---|---|---|---|---|---|---|
| ഏപ്രിൽ | 32 | 17 | 0 | 0 | 0 | 21 | 2 |
| മെയ് | 33 | 11 | 0 | 0 | 0 | - | 4 |
| ജൂൺ | 31 | 13 | 1 | 1 | 1 | - | 6 |
| ജൂലൈ | 36 | 12 | - | - | 1 | - | 10 |
| ആഗസ്ത് | 27 | 12 | 2 | - | - | - | 8 |
| സെപ്തം. | 35 | 11 | - | - | - | - | 3 |
| ഒക്ടോ. | 30 | 17 | - | - | - | - | 5 |
| നവം. | 29 | 13 | - | - | - | - | 2 |
| ഡിസം. | 39 | 18 | 1 | - | - | - | 3 |
| ജനുവരി | 37 | 14 | - | - | - | - | 6 |
| ഫെബ്രു. | 38 | 18 | 1 | - | - | - | 5 |
| മാർച്ച് | 41 | 16 | 1 | - | - | 24 | 9 |

# 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെ

സംഭാവന നൽകിയവരുടെ പേരും വിവരങ്ങളും

| നം. | പേര് | സംഖ്യ |
|---|---|---|
| 1 | അംബിക, അനശ്വര, എം.ഒ. വാർഡ്, ആലപ്പുഴ | 500 |
| 2 | സജീർ, സൗപർണ്ണിക, എം.ഒ. വാർഡ്, ആലപ്പുഴ | 500 |
| 3 | മുകുന്ദൻകുട്ടിനായർ, പാലയ്ക്കൽ ഹൗസ്, തത്തംപള്ളി | 500 |
| 4 | മാലതി ടീച്ചർ കരുവേലി (ഈസ്റ്റ്), എം.ഒ. വാർഡ്, ആലപ്പുഴ | 500 |
| 5 | സഫിയ നസീം, ചെമ്പകപ്പള്ളി, എം.ഒ. വാർഡ്, ആലപ്പുഴ | 1000 |
| 6 | ബോബി ജോർജ്, കുരിശുമൂട്ടിൽ, ചങ്ങനാശ്ശേരി | 1000 |
| 7 | സുമതിക്കുട്ടിയമ്മ ടീച്ചർ, സുമാലയം, കൈതവന | 1000 |
| 8 | ഉഷാദേവി, മഞ്ജുഷ, കൊറ്റംകുളങ്ങര | 1000 |
| 9 | സന്തോഷ്കുമാർ, ശ്രീനിലയം, അടൂർ | 1000 |
| 10 | എം.കെ. ഭാസ്ക്കരപ്പണിക്കർ, മുല്ലപ്പള്ളിൽ, തോണ്ടൻകുളങ്ങര | 1000 |
| 11 | സരിത ടീച്ചർ, ചന്ദ്രമംഗലം, പഴവീട് | 500 |
| 12 | രാജലക്ഷ്മി ടീച്ചർ, ജവഹർ ബാലഭവൻ, ആലപ്പുഴ | 500 |
| 13 | പി.പി. സുനിൽകുമാർ, ഫ്ളാറ്റ് നമ്പർ C2, പെരിയാർ വിസ്ത, (അമിറ്റി) പയ്യപ്പള്ളിലൈൻ, ആലുവ | 1000 |
| 14 | ഡി. ഗോപാലകൃഷ്ണപിള്ള റിട്ട: പ്രിൻസിപ്പാൾ, എസ്.ഡി. കോളേജ്, കളർകോട്, ആലപ്പുഴ | 1000 |
| 15 | അലക്സ് ജോസഫ് നേരോത്ത്ഹൗസ്, ആലപ്പുഴ | 2000 |
| 16 | സാറാമ്മ ജേക്കബ്, ഗ്രേസ് ഡെയ്ൽ, കളക്ട്രേറ്റ് ജംഗ്ഷൻ, ആലപ്പുഴ | 2000 |
| 17 | ശക്തി, ശക്തി നിവാസ്, എം.ഒ. വാർഡ്, ആലപ്പുഴ | 2000 |
| 18 | പ്രേംസൺ, പുത്തൻകോട്ടയ്ക്കകം, ചെന്നിത്തല, മാവേലിക്കര | 2000 |
| 19 | ശശിധര കൈമൾ, കാർത്തിക, കൊറ്റം കുളങ്ങര, ആലപ്പുഴ | 2000 |
| 20 | ബാലഗോപാലപണിക്കർ, രോഹിണി, കൊറ്റംകുളങ്ങര | 2000 |
| 21 | സാലിക്കുട്ടി എബ്രഹാം TC/28/206, ഗ്രീൻവില്ല, കൈതമുക്ക്, തിരുവനന്തപുരം | 2000 |
| 22 | കല്ലേലി രാഘവൻപിള്ള, ശ്രീവിദ്യ, തോണ്ടൻകുളങ്ങര,ആലപ്പുഴ | 1000 |

| | | |
|---|---|---|
| 23 | അംബിക. ബി, ദ്വാരക, ബാലഭവൻ റോഡ്, ആലപ്പുഴ | 2500 |
| 24 | ആശാലക്ഷ്മി. ആർ, വെടിപ്പുരയ്ക്കൽ (സോപാനം) എം.ഒ. വാർഡ്, ആലപ്പുഴ | 1000 |
| 25 | ആനി മാത്യു ടീച്ചർ, CHERRIYKAL HOUSE, എം.ഒ.വാർഡ്, ആലപ്പുഴ | 1500 |
| 26 | ശ്രീജിത്ത് ജയശ്രീ മന്ദിരം, ആലപ്പുഴ | 6000 |
| 27 | അജിത്ത് തെക്കേടത്തേടത്ത്, കൊറ്റംകുളങ്ങര | 1000 |
| 28 | ശാന്തകുമാരിയമ്മ ടീച്ചർ, ആര്യാട്, കൊറ്റംകുളങ്ങര | 3000 |
| 29 | ലാലി ജോസഫ്, ചൂളയിൽ ഹൗസ്, പുന്നമട | 3000 |
| 30 | എ.ബി. അജിത്, അനശ്വര, ബാലഭവൻ റോഡ്, ആലപ്പുഴ | 3000 |
| 31 | ടി.വി. സ്ക്കറിയ, പോപ്പി അമ്പ്രല്ല, മുല്ലക്കൽ, ആലപ്പുഴ | 5000 |
| 32 | റോട്ടറി ക്ലബ്ബ്, ആലപ്പുഴ കൊയർസിറ്റി, ആലപ്പുഴ | 5000 |
| 33 | മധു. ജി. പിള്ള, കമ്മട്ടം ലെയ്ൻ, കോൺവെന്റ് റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം | 5500 |
| 34 | സുധ. ബി. മേനോൻ 40/495, ഡി.എച്ച്. റോഡ്, കൊച്ചിൻ | 5000 |
| 35 | പുഷ്പ. വി, പത്മനാഭ പഴവീട്, ആലപ്പുഴ | 3000 |
| 36 | സരസ. വി, കാർത്തിക, ജില്ലാകോർട്ട് വാർഡ്, തത്തംപള്ളി, ആലപ്പുഴ | 8000 |
| 37 | ശിവശങ്കരപ്പിള്ള, ജയശ്രീ മന്ദിരം, എം.ഒ. വാർഡ്, ആലപ്പുഴ | 12000 |
| 38 | ഗംഗ ടീച്ചർ, സുധാകരൻസാർ, സരിതാലയം,വലിയമരം വാർഡ് | 8000 |
| 39 | ഡോക്ടർ പി. ദിവാകരൻ, NOELARCADIA പടമുകൾ, കാക്കനാട് | 15000 |
| 40 | അജയ്കുമാർ. പി.വി, ഫുജയ്റ, യു.എ.ഇ | 17000 |
| 41 | ജെ. ഗോവിന്ദ പണിക്കർ, വെടിപ്പുരയ്ക്കൽ, എം.ഒ. വാർഡ് | 35000 |
| 42 | രഞ്ജിത്ത് ഗോവിന്ദപണിക്കർ, വെടിപ്പുരയ്ക്കൽ, എം.ഒ. വാർഡ് | 4,78,000 |
| 43 | അമ്മിണിക്കുട്ടിയമ്മ, ഗ്രീഷ്മ, രാമനാട്ടുകര, കോഴിക്കോട് | 50,000 |
| | **ആകെ** | **6,93,500** |

GREESHMA FOUNDATION, MENTAL HEALTH CARE CENTER
SANATHANAPURAM P.O, KAITHAVANA, ALAPPUZHA
RECEIPTS AND PAYMENTS ACCOUNT FOR THE YEAR ENDED 31ST MARCH 2018

| | | Receipts ₹ | Payments ₹ |
|---|---|---|---|
| Cash in hand | 534.00 | | |
| Dhanalaxmi Bank A/c No.43240 | 50272.90 | 50806.90 | |
| Salary advane refund | | 3000.00 | |
| Donations | | 693500.00 | 76500.00 |
| Loan Aniyappan | | 12000.00 | 19299.00 |
| Loan Vijayalakshmi | | 4000.00 | 2000.00 |
| Bank interest & Charges | | 1442.00 | 408.10 |
| Food & Water expenses | | | 10057.00 |
| Electricity Charges | | | 526.00 |
| Lab test | | | 245.00 |
| Medicine & Medical expenses | | | 167932.00 |
| Miscellaneous expenses | | | 3381.00 |
| Travelling expenses | | | 74958.00 |
| Professional charges | | | 22000.00 |
| Printing and stationery | | | 5599.00 |
| Salaries and allowances | | | 316500.00 |
| Telephone charges | | | 10718.00 |
| Closing Balances : | | | |
| Cash in hand :- | 1213.00 | | |
| Dhanalaxshmi Bank A/c no. 43240 | 53412.80 | | 53412.80 |
| TOTAL :- | | 764748.90 | 764748.90 |

ANTONY MALAYIL & CO.
ALAPPUZHA
688013
FRN:000193 S
CHARTERED ACCOUNTANTS

**GREESHMA FOUNDATION, MENTAL HEALTH CARE CENTER**
**SANATHANAPURAM P.O., KAITHAVANA, ALAPPUZHA**
**BALANCE SHEET AS AT 31ST MARCH 2018.**

| LIABILITIES | | ₹ | ASSETS | | ₹ |
|---|---|---|---|---|---|
| **Capital Fund :-** | | | **Fixed Assets :-** | | |
| Balance as per last B/Sheet | 68281.90 | | As per last B/Sheet | | 27255.00 |
| Add:- Excess of income over expenditure as per Income & Expenditure a/c | 6117.90 | 74399.80 | | | |
| | | | **Closing balances:-** | | |
| Loan from Vijayalakshmi | | 2500.00 | Cash in hand | 1213.00 | |
| Loan from Aniyappan | | 4981.00 | Dhanalaxshmi Bank A/c No.43240 | 53412.80 | 54625.80 |
| **TOTAL :-** | | **81880.80** | **TOTAL :-** | | **81880.80** |

Verfied with the books and other documents produced before us and found correct.

Alleppey
13th August 2018

ANTONY MALAYIL & Co. ALAPPUZHA 688013 FRN:000193 S CHARTERED ACCOUNTANTS

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS

CA. Antony Mathew M., B.Sc., B Com., FCA.
M. No. 19988, Partner

**GREESHMA FOUNDATION, MENTAL HEALTH CARE CENTER, ALAPPUZHA**
**SANATHANAPURAM P.O., KAITHAVANA, ALAPPUZHA**
**INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2018**

| EXPENDITURE | ₹ | INCOME | ₹ |
|---|---|---|---|
| To Salaries and allowances | 316500.00 | By Donations | 693500.00 |
| To Medicine & medical expenses | 167932.00 | By Bank interest | 1442.00 |
| To Food & Water expenses | 10057.00 | | |
| To Donations | 76500.00 | | |
| To Electricity charges | 526.00 | | |
| To Lab test | 245.00 | | |
| To Travelling expenses | 74958.00 | | |
| To Printing and stationery | 5599.00 | | |
| To Professional charges | 22000.00 | | |
| To Telephone charges | 10718.00 | | |
| To Bank charges | 408.10 | | |
| To Miscellaneous expenses | 3381.00 | | |
| To Excess of income over expenditure | 6117.90 | | |
| **TOTAL :-** | **694942.00** | **TOTAL :-** | **694942.00** |

Verfied with the books and other documents produced before us and found correct.

Alleppey
13th August 2018

ANTONY MALAYIL & Co. ALAPPUZHA 688013 FRN:001103 S CHARTERED ACCOUNTANTS

For ANTONY MALAYIL & Co.
CHARTERED ACCOUNTANTS

CA. Antony Mathew M.I, B.Sc., B.Com., FCA.
M. No. 19988, Partner

## ആരോഗ്യമുള്ള മനസ്സുള്ളവർക്ക് ആരോഗ്യമുള്ള ജീവിതം ലഭിക്കുന്നു.

ലോകത്ത് നാലിൽ ഒരാൾക്ക്
മാനസികരോഗം മൂലം കഷ്ടതകൾ അനുഭവപ്പെടുന്നു.
ഇപ്പോഴും നമ്മുടെ സമൂഹം മനോരോഗികളെ
അവജ്ഞയോടെയും ഭയത്തോടെയും നോക്കി കാണുന്നു.
ദാരിദ്ര്യമുള്ള കുടുംബങ്ങളിൽ രോഗികളുടെ
പ്രശ്നങ്ങൾ ഇരട്ടിയായി മാറുന്നു.

## മരുന്ന് മാത്രമല്ല ചികിത്സ

മനോരോഗ ചികിത്സയിൽ മരുന്ന് പ്രധാനമാണ്.
എന്നാൽ രോഗം മാറാൻ സ്നേഹവും സാന്ത്വനവും
പരിചരണവും ആവശ്യമാണ്.
കുടുംബത്തിന്റെയും സമൂഹത്തിന്റെയും പിന്തുണ വേണം.
കൂടെ കൗൺസിലിങ്ങും പുനരധിവാസവും ആവശ്യമാണ്.

മേൽപറഞ്ഞ പശ്ചാത്തലത്തിൽ ഗ്രീഷ്മ ഫൗണ്ടേഷൻ
പാവപ്പെട്ട മാനസിക രോഗികൾക്ക് സൗജന്യചികിത്സയും
മരുന്നും പുനരധിവാസവും നൽകിവരുന്നു.

കോഴിക്കോട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന **MHAT** എന്ന
സംഘടനയുമായി സഹകരിച്ചാണ് ഗ്രീഷ്മാ ഫൗണ്ടേഷൻ
പ്രവർത്തിക്കുന്നത്. ദരിദ്രകുടുംബങ്ങളിലെ മാനസികരോഗി
കളുടെ പരിചരണവും പുനരധിവാസവുമാണ്
ഗ്രീഷ്മാ ഫൗണ്ടേഷന്റെ പ്രധാന ലക്ഷ്യം.

കൂടാതെ സമൂഹത്തിൽ മാനസികരോഗികൾക്ക് ലഭിക്കേണ്ട
അവകാശങ്ങളെയും പരിഗണനകളെയും കുറിച്ച്
സമൂഹത്തെ ബോധവാന്മാരാക്കുക എന്ന കർത്തവ്യവും
ഗ്രീഷ്മാ ഫൗണ്ടേഷനിൽ നിക്ഷിപ്തമായിരിക്കുന്നു.

## രോഗിയുമായി സംസാരിക്കുമ്പോൾ

ഫലപ്രദമായ ആശയവിനിമയം മരുന്നിനേക്കാൾ രോഗിക്ക് ആശ്വാസം പകരാറുണ്ട് എന്നത് ഒരു വസ്തുതയാണ്. താൻ ഈ ലോകത്തിന് വേണ്ടപ്പെട്ടവനാണെന്നും അന്തസ്സും വിലയുമുള്ളവനാണെന്നും, എന്തുവന്നാലും ഉപേക്ഷിക്കപ്പെടുകയില്ലെന്നും ഉള്ള തോന്നലാണ് രോഗിയിൽ ഉളവാക്കേണ്ടത്. ഇത് വാക്കുകൾകൊണ്ട് മാത്രം കൈമാറാവുന്ന സന്ദേശമല്ല. സാമീപ്യം, സ്പർശനം, ശരീരഭാഷ ഇവയെല്ലാം പ്രധാനമാണ്. രോഗിക്കും കുടുംബത്തിനും തെറ്റിദ്ധാരണ ഉണ്ടാവാനും വിശ്വാസം നഷ്ടപ്പെടാനും ഇടയാവാതെ നോക്കുക. നമ്മുടെ അഭിപ്രായങ്ങൾ രോഗിക്ക് കേൾപ്പിച്ചുകൊടുക്കാനോ അടിച്ചേൽപ്പിക്കാനോ അല്ല, മറിച്ച് രോഗിക്ക് പറയാനുള്ളത് പൂർണ്ണമായും കേൾക്കാനും മനസ്സിലാക്കാനുമാണ് നാം ശ്രമിക്കേത് എന്ന ബോധം നമുക്ക് വേണം

## നമുക്ക് ചെയ്യാവുന്നത്

1. **ശ്രദ്ധയോടെ കേൾക്കുക. നല്ല ശ്രോതാവായി ഇരിക്കുക.**
2. **രോഗിയുടെ പ്രശ്നങ്ങൾ ലഘൂകരിച്ച് കാണാതിരിക്കുക.**
3. **സ്വന്തം വിശ്വാസങ്ങൾ രോഗിയുടെ മേൽ അടിച്ചേൽപ്പിക്കാതിരിക്കുക.**
4. **രോഗിയുടെ ചോദ്യങ്ങൾ അവഗണിക്കരുത്.**
5. **നിറവേറ്റാനാവാത്ത വാഗ്ദാനങ്ങൾ നൽകരുത്.**
6. **പൊള്ളയായ ശുഭപ്രതീക്ഷകൾ രോഗിയിൽ കുത്തിനിറക്കാൻ ശ്രമിക്കരുത്.**
7. **സ്വകാര്യത ഉറപ്പു വരുത്തുക.**
8. **രോഗിയെ സംസാരിക്കാൻ നിർബന്ധികരുത്.**

# ഞങ്ങളുടെ പ്രവർത്തനങ്ങളിൽ
# നിങ്ങൾക്കും പങ്കാളികളാവാം, സഹായിക്കാം

- ഒരു രോഗിക്ക് ഒരു മാസം മരുന്നിന് ചിലവാകുന്ന ആയിരത്തിയഞ്ഞൂറ് രൂപ **(Rs.1500 Per Patient)** സ്പോൺസർ ചെയ്യാം
- ഡേ കെയറിലേയ്ക്ക് ഉച്ചഭക്ഷണം സ്പോൺസർ ചെയ്യാം.
- നിങ്ങൾക്ക് ഇഷ്ടമുള്ള തുക സഹായം നൽകാം.
- ഒരു വോളണ്ടിയർ ആയി ഞങ്ങളോടൊപ്പം ചേർന്ന് പാവപ്പെട്ടവരായ രോഗികളെ സഹായിക്കാം
- രോഗികളുടെ വീട്ടിൽ ചെന്നുള്ള പരിചരണത്തിൽ ഞങ്ങളോടൊപ്പം സഹകരിക്കാം.

**നിങ്ങളുടെ സംഭാവനകൾ ചെക്കുകളായോ ബാങ്ക് മുഖേനയോ**
**Greeshma Foundation എന്ന പേരിൽ നൽകാം**

| | | |
|---|---|---|
| Account No | : | 009500100143240 |
| IFSC Code | : | DLXB0000095 |
| Bank | : | Dhanalaxmi Bank Alappuzha. |
| Contact us | : | 0477-2267717 / 9495162887 |

Email:greeshmafoundationalappuzha@gmail.com
Web site : www.facebook.com/greeshmafoundation
in association with MHAT (Mental Health Action Trust, Calicut)




തൈക്കാട്ട് മൂസ്സ്, എസ്.എൻ.എ. സീതാറാം

**ജയഭാരതം**

**ആര്യവൈദ്യശാല**

കൈതവന, ആലപ്പുഴ, ഫോൺ : 9447 804 573